**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - ചേരി നിർമ്മാണ പദ്ധതി - തമ്മനം കിസ്സാൻ കോളനി - വീട് നമ്പർ 160 - ശ്രീമതി അസ്മാബീവി - കൈമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.3126/2016/തസ്വഭവ. തിരുവനന്തപുരം, തീയതി: 17/11/2016**

---

പരാമർശം:- 1. ശ്രീമതി അസ്മ ബീവിയുടെ 09.7.2016 തീയതിയിലേ അപേക്ഷ

2. വിശാല കൊച്ചി വികസന അതോറിറ്റിയുടെ 30.08.2016 തീയതിയിലെ C11/ടി.സ്ലം നം.160/GCDA നമ്പർ കത്ത്

**ഉത്തരവ്**

(1) വിശാല കൊച്ചി വികസന അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനിയിലെ വീട് നമ്പർ 160, 2312/09-ാം നമ്പരായി ശ്രീമതി അസ്മാ ബീവിയ്ക്ക് രജിസ്റ്റർ ചെയ്ത് നൽകിയതായും എന്നാൽ ഇപ്പോൾ ടിയാൾ തന്റെ മകന് ഹൃദയ സംബന്ധമായ അസുഖം മൂലം ചികിത്സയിലാണെന്നും ചികിത്സാർത്ഥം പണം കണ്ടെത്തുന്നതിന് തനിക്ക് അലോട്ട് ചെയ്ത വീട് കൈമാറ്റം ചെയ്യാൻ അനുവദിക്കണമെന്നും പരാമർശം ഒന്ന് പ്രകാരം ആവശ്യപ്പെട്ടുകയുണ്ടായി. പ്രസ്തുത ആധാരത്തിലെ ഒരു വ്യവസ്ഥയായ പത്ത് വർഷത്തിനുള്ളിൽ വീട് വിൽക്കുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റിയുടെ അനുവാദം വേണമെന്നുള്ള വ്യവസ്ഥയിൽ നിലവിൽ ജിസിഡിഎ യിൽ ജനറൽ കൗൺസിൽ/എക്സിക്യൂട്ടീവ് കമ്മിറ്റി നിലവിലില്ലാത്ത സാഹചര്യത്തിൽ സർക്കാരിൽ നിന്ന് ഇളവ് നൽകണമെന്നും ജിസിഡിഎ പരാമർശം രണ്ടു പ്രകാരം അറിയിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി അസ്മാബീവിയുടെ മകൻ ഹൃദയസംബന്ധമായ ചികിത്സ തേടിക്കൊണ്ടിരിക്കുകയാണെന്നുള്ളതിനാൽ ടിയാളുടെ കേസ് ഒരു പ്രത്യേക കേസായി സഹതാപപൂർവ്വാടിസ്ഥാനത്തിൽ പരിഗണിച്ചു കൊണ്ട് ടിയാളുടെ വീട്, ആധാരത്തിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി പ്രത്യേക കേസായി പരിഗണിച്ച് കൈമാറ്റം ചെയ്യാനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എസ്.ബിന്ദു**

**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

ശ്രീമതി അസ്മാബീവി, w/o late അഹമ്മദ്, ഹൗസ് നം. 160, കിസ്സാൻ കോളനി, പാലാരിവട്ടം, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**